# കൃഷിമന്ത്രി സംസ്ഥാനത്തിന് ഭാരം: ലാൽ കൽപ്പകവാടി



കണ്ണൂർ: കൃഷി മന്ത്രി കെ.പി. മോഹനൻ സംസ്ഥാനത്തിന് ഭാരമാണെന്നു കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ലാൽ വർഗീസ് കൽപകവാടി. മന്ത്രിയെ മാറ്റാൻ കെ.പി.സി.സി. പ്രസിഡന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്നര വർഷമായി കാർഷിക മേഖലയിൽ ഫലപ്രദമായി ഒന്നും ചെയ്യാത്ത കൃഷി വകുപ്പു മന്ത്രിയെ മാറ്റിയില്ലെങ്കിൽ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ തിരിച്ചടിയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

സർക്കാരിന്റെ സ്വപ്ന പദ്ധതിയായ നീരയെ അട്ടിമറിക്കാൻ കൃഷിവകുപ്പ് ശ്രമിക്കുകയാണ്. 5,100 സൊസൈറ്റികളും 272 ഫെഡറേഷനുകളും പന്ത്രണ്ടോളം കമ്പനികളും രൂപീകരിച്ച് നീര വിപണിയിലെത്തിച്ചതിനു ശേഷം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിലൂടെ നീര ഉൽപാദനം നടപ്പാക്കുന്നതിനു പിന്നിൽ അഴിമതിക്ക് കളമൊരുങ്ങുന്നുണ്ട്. 1998ൽ അടച്ചുപൂട്ടിയ കോക്കനട്ട് ഡെവലപ്മെന്റ് കോർപറേഷൻ വീണ്ടും തുറക്കുന്നതിലൂടെ സർക്കാരിന് 15 കോടിയുടെ നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത്. വിഷയത്തിന്റെ ഗൗരവം കെ.പി.സി.സി. പ്രസിഡന്റിനെയും മുഖ്യമന്ത്രിയെയും യു.ഡി.എഫ്. കൺവീനറെയും അറിയിച്ചിട്ടുണ്ട്- അദ്ദേഹം പറഞ്ഞു. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിലൂടെ മാത്രമേ നീര ഉൽപാദിപ്പിക്കുകയുള്ളൂവെന്ന നിലപാട് യു.ഡി.എഫ്. പുനഃപരിശോധിക്കണം. കുട്ടനാട്, ഇടുക്കി കോൾനില പാക്കേജുകൾ ലാപ്സായതിന്റെ ഉത്തരവാദിത്വം കൃഷിവകുപ്പിനാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്, കാർഷിക പെൻഷൻ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ അവതാളത്തിലാകാൻ മന്ത്രിയാണു കാരണമെന്നും അദ്ദേഹം ആരോപിച്ചു.